പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 560-ാം നമ്പർ ചോദ്യം 11.12.2012-ലെ മറുപടിക്ക്

നടപ്പു സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ | ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി ശ്രീ.കെ.എം.മാണി |
| (എ) 2012-13 സാമ്പത്തിക വർഷം ഓരോ വകുപ്പുകൾക്കും എത്ര തുകയാണ് വകയിരുത്തിയിരുന്നത്;<br>(ബി) വകയിരുത്തപ്പെട്ട തുകയിൽ 2012 നവംബർ 30 വരെ എത്ര തുക ചെലവഴിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; | (എ) & (ബി) 2012-13 സാമ്പത്തിക വർഷം ഓരോ വകുപ്പുകൾക്കും വകയിരുത്തിയ സംസ്ഥാന പദ്ധതി വിഹിതവും 2012 ഒക്ടോബർ 31 വരെയുള്ള വകുപ്പുതല പദ്ധതി ചെലവും അനുബന്ധമായി ചേർക്കുന്നു. |
| (സി) നടപ്പു സാമ്പത്തികവർഷത്തെ പദ്ധതിച്ചെലവ് മന്ദഗതിയിലായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (സി) കഴിഞ്ഞ സാമ്പത്തിക വർഷം (2011-12) ഒക്ടോബർ 31 വരെ ചെലവഴിച്ച തുക സംസ്ഥാന പദ്ധതി അടങ്കലിന്റെ 22% ആയിരുന്നു. എന്നാൽ നടപ്പു സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ 28% തുക ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ നടപ്പു സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് മെച്ചപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്. |
| (ഡി) 2011-12 സാമ്പത്തിക വർഷത്തിൽ സർക്കാർ പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നു; എന്തു തുക വരുമാനമായി ലഭിച്ചു; | (ഡി) 2011-12 സാമ്പത്തിക വർഷത്തിൽ സർക്കാർ പ്രതീക്ഷിച്ച വരുമാനം 39518.26 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം ഇതിൽ 38061.31 കോടി രൂപ വരുമാനമായി ലഭിച്ചു. |
| (ഇ) ടി സാമ്പത്തിക വർഷം പ്രതീക്ഷിച്ച ചെലവ് എത്രയായിരുന്നു; യഥാർത്ഥ ചെലവ് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ? | (ഇ) 2011-12 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കലായ 12010 കോടി രൂപയിൽ വകുപ്പുതല കണക്കുപ്രകാരം 10954.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

**2012-13 സാമ്പത്തിക വർഷത്തെ ഓരോ വകുപ്പിന്റെയും സംസ്ഥാന പദ്ധതി വിഹിതവും**
**2012 ഒക്ടോബർ 31 വരെയുള്ള വകുപ്പുതല പദ്ധതി ചെലവും**

(തുക കോടിയിൽ)

| വകുപ്പ് | സംസ്ഥാന പദ്ധതി വിഹിതം | ചെലവ് |
|---|---|---|
| കൃഷി | 832.24 | 91.06 |
| മൃഗസംരക്ഷണം | 246.17 | 104.65 |
| സഹകരണം | 62.50 | 5.11 |
| സാംസ്കാരികം | 61.05 | 10.75 |
| പരിസ്ഥിതി | 12.50 | 1.82 |
| ധനകാര്യം | 150.70 | 0.31 |
| മത്സ്യവകുപ്പ് | 206.00 | 53.25 |
| ഭക്ഷണവും വിതരണവും | 9.65 | 1.99 |
| വനംവകുപ്പ് | 114.06 | 25.42 |
| പൊതുഭരണം | 21.60 | 0.76 |
| പൊതു വിദ്യാഭ്യാസം | 287.60 | 31.83 |
| ആരോഗ്യവും കുടുംബക്ഷേമവും | 500.20 | 111.12 |
| ഉന്നതവിദ്യാഭ്യാസം | 287.86 | 127.14 |
| ആഭ്യന്തരം | 111.82 | 4.93 |
| ഭവനവകുപ്പ് | 43.30 | 5.45 |
| ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് | 26.10 | 0.98 |
| വ്യവസായം | 547.45 | 154.44 |
| വിവര സാങ്കേതികം | 219.76 | 13.65 |
| തൊഴിൽ | 417.56 | 128.89 |
| നിയമം | 0.89 | 0.00 |
| നിയമ നിർമ്മാണം | 0.58 | 0.15 |
| തദ്ദേശ സ്വയംഭരണം | 4629.00 | 535.09 |
| പ്രവാസികാര്യം | 15.81 | 1.20 |
| ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാരം | 5.15 | 0.32 |
| ആസൂത്രണം | 130.83 | 13.84 |
| തുറമുഖം | 277.59 | 5.36 |
| ഊർജ്ജ വകുപ്പ് | 1165.41 | 431.76 |
| പൊതുമരാമത്ത് | 612.33 | 1119.54 |
| റവന്യൂ | 23.20 | 0.58 |
| പട്ടികജാതി-പട്ടിക വർഗ്ഗം | 737.71 | 232.01 |
| ശാസ്ത്ര സാങ്കേതികം | 66.45 | 14.77 |
| സാമൂഹ്യക്ഷേമം | 323.30 | 182.42 |
| കായികക്ഷേമവും യുവജനകാര്യവും | 95.92 | 17.56 |
| നികുതി | 7.92 | 1.08 |
| വിനോദ സഞ്ചാരം | 170.91 | 53.55 |
| ഗതാഗതം | 287.64 | 122.49 |
| ജലവിഭവം | 1301.55 | 311.18 |
| **ആകെ** | **14010.00** | **3916.43** |

Bindu